

KERALA HISTORY

IMDIAS KHAN I
REFERRAL:IMDIAS






സഹായകർ



അയ്യങ്കാളി(1863-1941)

- ജനനം – 1863 ഓഗസ്റ്റ് 28
- ജന്മസ്ഥലം- പെരുങ്കാട്ടുവിള, വെങ്ങാനൂർ, തിരുവനന്തപുരം
- ജന്മഗൃഹം- പ്ലാവത്തറ വീട്
- പിതാവ് –അയ്യൻ
- മാതാവ്-മാല
- ഭാര്യ- ചെല്ലമ്മ
- ബാല്യകാലനാമം –കാളി
- അന്തരിച്ച വർഷം – 1941 ജൂൺ 18



- പുലയ സമുദായത്തിൽ ജനിച്ച നവോത്ഥാന നായകൻ
- ഇന്ത്യയിലെ ആദ്യത്തെ തൊഴിലാളി നേതാവായി വിശേഷിപ്പിക്കപ്പെടുന്ന വ്യക്തി
- ദളിതർക്ക് പൊതുനിരത്തിൽ കൂടിയുള്ള സഞ്ചാരസ്വാതന്ത്ര്യം നേടിക്കൊടുക്കുന്നതിനായി വില്ലുവണ്ടി യാത്ര നടത്തിയ നവോത്ഥാന നായകൻ
- അയ്യങ്കാളി പ്രസിദ്ധമായ വില്ലുവണ്ടി യാത്ര നടത്തിയ വർഷം

  1893
- അയ്യങ്കാളി വില്ലുവണ്ടി യാത്ര നടത്തിയത്

  വെങ്ങാനൂരിൽ നിന്ന് തിരുവനന്തപുരം വരെ

❖ കേരളത്തിലെ ആദ്യത്തെ സംഘടിത കർഷക സമരത്തിന് നേതൃത്വം നൽകിയത്

അയ്യങ്കാളി

❖ പുലയ സമുദായത്തിലെ വിദ്യാർത്ഥികൾക്ക് വേണ്ടി അയ്യങ്കാളി വെങ്ങാനൂരിൽ കുടി പള്ളിക്കൂടം സ്ഥാപിച്ച വർഷം

1905

❖ പിന്നോക്ക ജാതിയിൽ പെട്ട കുട്ടികൾക്ക് സ്കൂൾ പ്രവേശനം നൽകിയ തിരുവിതാംകൂർ രാജാവ്

ശ്രീമൂലം തിരുനാൾ

❖ പെരിനാട് സർവ്വ സമുദായ സമ്മേളനം അയ്യങ്കാളിയുടെ നേതൃത്വത്തിൽ നടന്നത്

1915

സാധുജന പരിപാലന സംഘം

- സാധുജന പരിപാലനസംഘം സ്ഥാപിച്ച നവോത്ഥാന നായകൻ
  അയ്യങ്കാളി

- സാധുജനപരിപാലനസംഘം സ്ഥാപിതമായ വർഷം
  1907

- സാധുജന പരിപാലന സംഘം രൂപീകരിക്കുന്നതിന് പ്രചോദനമായ സംഘടന
  SNDP

- സാധുജനപരിപാലന സംഘത്തിന്റെ മുഖപത്രം
  സാധുജനപരിപാലിനി (1913)

- സാധുജനപരിപാലിനി പ്രസിദ്ധീകരണം ആരംഭിച്ച സ്ഥലം
  ചങ്ങനാശ്ശേരി (സുദർശന പ്രെസ്സ്)

- സാധുജനപരിപാലിനിയുടെ ആദ്യ എഡിറ്റർ
  ചെമ്പം തറ കാളിച്ചോതി കറുപ്പൻ

- സാധുജന പരിപാലനസംഘം പുലയ മഹാസഭയായി മാറിയ വർഷം
  1938

- അയ്യങ്കാളി ശ്രീമൂലം പ്രജാസഭയിലേക്ക് നാമനിർദേശം ചെയ്യപ്പെട്ട വർഷം
  1911 ഡിസംബർ 5

- അയ്യങ്കാളി ആദ്യമായി ശ്രീമൂലം പ്രജാസഭയെ അഭിസംബോധന ചെയ്ത പ്രസംഗിച്ചത്
  1912 ഫെബ്രുവരി 27

- ശ്രീമൂലം പ്രജാസഭയിൽ അംഗമായ ആദ്യ ദളിത് വംശജൻ
  അയ്യങ്കാളി

- പിന്നാക്ക വിഭാഗത്തിൽ നിന്നും നിയമനിർമ്മാണ സഭയിലേക്ക് നാമനിർദേശം ചെയ്യപ്പെട്ട ആദ്യ വ്യക്തി
  അയ്യങ്കാളി

- തുടർച്ചയായി 28 വർഷം ശ്രീ മൂലം പ്രജാസഭയിൽ അംഗമായിരുന്ന നവോത്ഥാന നായകൻ
  അയ്യങ്കാളി

- അയ്യങ്കാളി ശ്രീനാരായണ ഗുരുവിനെ കണ്ടുമുട്ടിയ വർഷം
  1912(ബാലരാമപുരം)

- അയ്യങ്കാളിയും ഗാന്ധിജിയും തമ്മിൽ കണ്ടുമുട്ടിയ വർഷം
  1937

- അയ്യങ്കാളിയുടെ ശവകുടീരം അറിയപ്പെടുന്നത്
  പാഞ്ചജന്യം

- അയ്യങ്കാളിയുടെ പ്രതിമ തിരുവനന്തപുരത്തെ വെള്ളയമ്പലത്തിൽ അനാച്ഛാദനം ചെയ്ത വർഷം
  1980

- അയ്യങ്കാളിയുടെ പ്രതിമ അനാച്ഛാദനം ചെയ്തത്
  ഇന്ദിരാഗാന്ധി

- അയ്യങ്കാളിയുടെ പ്രതിമ രൂപകൽപ്പന ചെയ്തത്
  ഇസ്രു ഡേവിഡ്

- ഇന്ത്യൻ തപാൽ വകുപ്പ് അയ്യങ്കാളിയോടുള്ള ആദരസൂചകമായി തപാൽ സ്റ്റാമ്പ് പുറത്തിറക്കിയ വർഷം

  2002 ഓഗസ്റ്റ് 12

- അയ്യങ്കാളി അർബൻ എംപ്ലോയ്മെന്റ് ഗ്യാരണ്ടി സ്കീം ആരംഭിച്ച വർഷം

  2010

- അയ്യങ്കാളിയുടെ പേരിൽ ഒരു ചെയർ ആരംഭിച്ച സർവ്വകലാശാല

  കേന്ദ്ര സർവകലാശാല (കാസർഗോഡ്)

- കേരള പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ആസ്ഥാനം

  അയ്യങ്കാളി ഭവൻ (തൃശ്ശൂർ)

- അയ്യങ്കാളി സ്മാരകം

  ചിത്രകൂടം

അയ്യങ്കാളിയുടെ വാക്കുകൾ

- “ ഞാനിതാ പുലയ ശിവനെ പ്രതിഷ്ഠിക്കുന്നു “
- “ ഞങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിച്ചില്ലെങ്കിൽ കാണാതായ പാടങ്ങളിൽ എല്ലാം മുടിപ്പുല്ല് കുരുപ്പിക്കും “

പുലയ ലഹള

- പുലയ ലഹള നയിച്ച നേതാവ്
  അയ്യങ്കാളി
- പുലയ ലഹള നടന്ന വർഷം
  1915
- പുലയ ലഹളയുടെ മറ്റു പേരുകൾ
  ഊരൂട്ടമ്പലം ലഹള,90 ആം ആണ്ട് ലഹള

- “ അയ്യങ്കാളിയെ “പുലയരുടെ രാജാവ്” എന്ന് വിശേഷിപ്പിച്ചത്
  ഗാന്ധിജി

- അയ്യങ്കാളിയെ “ഇന്ത്യയുടെ മഹാനായ പുത്രൻ” എന്ന് വിശേഷിപ്പിച്ചത്
  ഇന്ദിരാഗാന്ധി

- ഇന്ത്യയിലെ ആദ്യ കമ്മ്യൂണിസ്റ്റ് ആണ് അയ്യങ്കാളി എന്ന് വിശേഷിപ്പിച്ചത്
  ഈ കെ നായനാർ

- “ആളിക്കത്തിയ തീപ്പൊരി” എന്ന വിശേഷണമുള്ള സാമൂഹ്യ പരിഷ്കർത്താവ്
  അയ്യങ്കാളി

- ടി എച്ച് ടി ചെന്താരശേരി അയ്യങ്കാളിയെ കുറിച്ച് എഴുതിയ പുസ്തകം
  കേരള ചരിത്രത്തിന്റെ ഗതി മാറ്റിയ അയ്യൻകാളി

നെടുമങ്ങാട് ചന്തലഹള

- നെടുമങ്ങാട് ചന്ത ലഹള നടന്ന വർഷം
  1912

- നെടുമങ്ങാട് ചന്ത ലഹളക്ക് നേതൃത്വം നൽകിയ വ്യക്തി
  അയ്യങ്കാളി

- അയിത്ത ജാതിക്കാർക്ക് ചന്തയിൽ പ്രവേശനം നിഷേധിച്ചിരുന്നതിനെതിരെ നടന്ന ലഹള
  നെടുമങ്ങാട് ചന്ത ലഹള

കല്ലുമാല സമരം

- പുലയർ ഉൾപ്പെട്ട താഴ്ന്ന ജാതിയിൽപ്പെട്ട സ്ത്രീകൾ കാതിലും കഴുത്തിലും ജാതിയുടെ അടയാളമായി കല്ലുകൊണ്ടുള്ള ആഭരണങ്ങളാണ് അണിഞ്ഞിരുന്നത്

- ഇതിനെതിരെ 1915 അയ്യങ്കാളിയുടെ നേതൃത്വത്തിൽ കല്ലുമാല ബഹിഷ്കരിക്കുകയും സവർണ്ണ ജാതിയിൽ പെട്ടവരെ പോലെ ആധുനിക ആഭരണങ്ങൾ അണിയാനുള്ള അവകാശം പിന്നാക്ക ജാതിക്കാർ നേടിയെടുക്കുകയും ചെയ്തു

- കൊല്ലത്തിനടുത്തുള്ള പെരിനാട് ആയിരുന്നു പ്രധാന സമര കേന്ദ്രം. അതിനാൽ കല്ലുമാല സമരം പെരിനാട് ലഹള എന്ന് അറിയപ്പെടുന്നു

വക്കം അബ്ദുൽ ഖാദർ മൗലവി
(1875-1932)

- ജനനം- 1875 ഡിസംബർ 28
- ജന്മസ്ഥലം –വക്കം, ചിറയിൻകീഴ് താലൂക്ക്
- ജന്മഗൃഹം-പുന്ത്രാൻവിളാകാം വീട്
- പിതാവ്- മുഹമ്മദ് കുഞ്ഞ്
- മാതാവ്-ആഷ് ബീവി
- മരണം- 1932 ഒക്ടോബർ 31



- വക്കം മൗലവി എന്ന പേരിൽ അറിയപ്പെട്ടിരുന്ന നവോത്ഥാന നായകൻ
  വക്കം അബ്ദുൽ ഖാദർ മൗലവി

- കേരള മുസ്ലിം നവോത്ഥാനത്തിന്റെ പിതാവ്
  അബ്ദുൽ ഖാദർ മൗലവി

- വക്കം മൗലവി ആരംഭിച്ച സംഘടനകൾ
  അഖില തിരുവിതാംകൂർ മുസ്ലിം മഹാജന സഭ, മുസ്ലിം ഐക്യ സംഘം , മുസ്ലിം സമാജം (ചിറയിൻകീഴ്)

- എസ് എൻ ഡി പി യുടെ മാതൃകയിൽ വക്കം മൗലവി ആരംഭിച്ച സംഘടന
  ഇസ്ലാം ധർമ്മപരിപാലന സംഘം (1918, നിലയ്ക്കമുക്ക്)

❖ വക്കം മൗലവിയുടെ ജീവിതത്തെ ആസ്പദമാക്കി ‘ സ്വദേശാഭിമാനി വക്കം മൗലവി’ എന്ന ജീവചരിത്ര കൃതി രചിച്ചത്

ഡോക്ടർ ജമാൽ മുഹമ്മദ്

❖ ‘ മത വിദ്യാഭ്യാസത്തോടൊപ്പം ഭൗതിക വിദ്യാഭ്യാസവും നേടിയെങ്കിലും മനുഷ്യ പുരോഗതി സാധ്യമാകൂ ‘ എന്ന് പറഞ്ഞ സാമൂഹ്യ പരിഷ്കർത്താവ്

വക്കം അബ്ദുൽ ഖാദർ മൗലവി

❖ വക്കം മൗലവി സെന്റർ ഫോർ സ്റ്റഡീസ് ആൻഡ് റിസർച്ച്

കോഴിക്കോട്

- 1906ൽ 'മുസ്ലിം ' എന്ന പേരിൽ മലയാളം മാസിക പ്രസിദ്ധീകരിച്ച വ്യക്തി
  വക്കം അബ്ദുൽ ഖാദർ മൗലവി

- 1918ൽ മൗലവി ആരംഭിച്ച അറബി മലയാളം മാസിക
  അൽ -ഇസ്ലാം

- ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസിന്റെ സ്ഥാപകൻ
  വക്കം മൗലവി(1931)

- 1931ൽ ദീപിക എന്ന മാസിക ആരംഭിച്ചത്
  വക്കം മൗലവി

- മൗലവി രചിച്ച വിശുദ്ധ ഖുർആന്റെ മലയാള പരിഭാഷ പ്രസിദ്ധീകരിച്ച മാസിക
  ദീപിക

❖ മൗലവിയുടെ പ്രധാന കൃതികൾ

1. ദാവുസ്ഓഹ്
2. ഇസ്ലാം മത സിദ്ധാന്ത സംഗ്രഹം
3. ഇസ്ലാമിക് സന്ദേശം
4. സൂറത് ഉൾ ഫാത്തിഹ

- സ്വദേശാഭിമാനി പത്രത്തിന്റെ സ്ഥാപകൻ
  വക്കം അബ്ദുൽ ഖാദർ മൗലവി
- സ്വാദശാഭിമാനി പത്രം ആരംഭിച്ച വർഷം
  1905 ജനുവരി 19
- സ്വദേശാഭിമാനി പത്രം പ്രസിദ്ധീകരണം ആരംഭിച്ച സ്ഥലം
  അഞ്ചുതെങ്ങ്
- സ്വദേശാഭിമാനി പത്രത്തിന്റെ ആപ്തവാക്യം
  ഭയകൗടില്യ ലോഭങ്ങൾ വളർക്കിലൊരു നാടിനെ
- രാമകൃഷ്ണപിള്ള സ്വദേശാഭിമാനി പത്രത്തിന്റെ എഡിറ്റർ ആയ വർഷം
  1906

- സ്വദേശാഭിമാനി പത്രത്തിന്റെ ആദ്യ എഡിറ്റർ
  സി പി ഗോവിന്ദപിള്ള

- തിരുവിതാംകൂർ സർക്കാരിനെയും ദിവാനായ പി രാജഗോപാലാചാരിയെയും വിമർശിച്ചതിന്റെ പേരിൽ സ്വദേശാഭിമാനി പത്രം നിരോധിച്ച വർഷം
  1910 സെപ്റ്റംബർ 26

- " എന്റെ പത്രാധിപർ ഇല്ലാതെ എനിക്ക് എന്തിനാണ് പത്രവും അച്ചടിശാലയും " എന്ന് അഭിപ്രായപ്പെട്ട നവോത്ഥാന നായകൻ
  വക്കം മൗലവി

വാഗ്ഭടാനന്ദൻ(1885-1959)

- ജനനം – 1885 ഏപ്രിൽ 27
- ജന്മസ്ഥലം –പാട്യം, കണ്ണൂർ
- ജന്മഗൃഹം- വയലേരി വീട്
- പിതാവ് – കോരൻ ഗുരുക്കൾ
- മാതാവ് – വയലേരി ചീരുഅമ്മ
- യഥാർത്ഥ നാമം- വയലേരി കുഞ്ഞിക്കണ്ണൻ
- അന്തരിച്ച വർഷം 1959 ഒക്ടോബർ 29



- വി കെ ഗുരുക്കൾ എന്നറിയപ്പെട്ടത്
  വാഗ്ഭടാനന്ദൻ

- വാഗ്ഭടാനന്ദന്റെ ഗുരു
  ബ്രഹ്മനന്ദ ശിവയോഗി

- കുഞ്ഞിക്കണ്ണന് വാഗ്ഭടാനന്ദൻ എന്ന നാമം നൽകിയത്
  ബ്രഹ്മാനന്ദ ശിവയോഗി

- ബാല ഗുരു എന്നറിയപ്പെട്ട നവോത്ഥാന നായകൻ
  വാഗ്ഭടാനന്ദൻ

- കോഴിക്കോട് ജില്ലയിലെ കാരപ്പറമ്പ് എന്ന സ്ഥലത്ത് വാഗ്ഭടാനന്ദൻ ആരംഭിച്ച സംസ്കൃത വിദ്യാലയം
  തത്വ പ്രകാശിക (1906)

- രാജയോഗാനന്ദ കൗമുദി യോഗശാല സ്ഥാപിച്ചത്
  വാഗ്ഭടാനന്ദൻ

- രാജയോഗാനന്ദ കൗമുദി യോഗശാല സ്ഥാപിച്ച സ്ഥലം
  കല്ലായി

- വാഗ്ഭടാനന്ദൻ ശ്രീനാരായണ ഗുരുവിനെ കണ്ടുമുട്ടിയ വർഷം
  1914

- ശിവയോഗ വിലാസം വാരിക കോഴിക്കോട് നിന്ന് ആരംഭിച്ച വർഷം
  1914

- വാഗ്ഭടാനന്ദൻ തന്റെ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് മാതൃകയായി തെരഞ്ഞെടുത്ത വ്യക്തി
  രാജാറാം മോഹൻ റോയ്

- വാഗ്ഭടാനന്ദന പ്രചരിപ്പിച്ച ആരാധന രീതി
  നിർഗുണോപാസന

- വാഗ്ഭടാനന്ദൻ വിശ്വസിച്ചിരുന്ന ദർശനം
  അദ്വൈത ദർശനം

- കാവി ഉപേക്ഷിച്ച് ഖദർ അണിഞ്ഞ ഒരേയൊരു നവോത്ഥാന നായകൻ
  വാഗ്ഭടാനന്ദൻ

- വാഗ്ഭടാനന്ദൻ കോഴിക്കോട് വച്ച് പ്രീതിഭോജനം സംഘടിപ്പിച്ച വർഷം
  1927

- ശ്രീനാരായണഗുരു വിഗ്രഹ പ്രതിഷ്ഠ ചെയ്യുന്നതിനോട് എതിർപ്പ് പ്രകടിപ്പിച്ച നവോത്ഥാന നായകൻ

വാഗ്ഭടാനന്ദൻ

- കാലക്രമേണ ബ്രഹ്മാനന്ദ ശിവയോഗിയുടെ വിമർശകനായി മാറിയ നവോത്ഥാന നായകൻ

- കമ്മ്യൂണൽ അവാർഡിനെതിരെ ഗാന്ധിജി നിരാഹാരം അനുഷ്ഠിച്ചപ്പോൾ ഗാന്ധിജിയുടെ ആത്മാവിനെ രക്ഷിക്കൂ എന്ന തലക്കെട്ട് കൂടി ലേഖനം എഴുതിയ വ്യക്തി

- ജാതി പ്രമാണം ഹിന്ദുമതത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾക്ക് വിരുദ്ധമാണ് എന്ന് വാദിച്ച സാമുദായിക പരിഷ്കർത്താവ്

- കൊട്ടിയൂർ ക്ഷേത്രത്തിൽ നിലനിൽക്കുന്ന ഇളനീരാട്ടം എന്ന ആചാരത്തിനെതിരെ ബാധിച്ച നവോത്ഥാന നായകൻ

- സുകുമാർ അഴീക്കോടിന്റെ തത്വമസി എന്ന കൃതിയിൽ പരാമർശിക്കുന്ന നവോത്ഥാന നായകൻ

- വാഗ്ഭടാനന്ദൻ യജമാനൻ എന്ന മാസിക ആരംഭിച്ച വർഷം

  1939

- വാഗ്ഭടാനന്ദൻ ആർഷ സന്യാസിയായിരുന്നു ,ആചാരസന്യാസി ആയിരുന്നില്ല എന്നു പറഞ്ഞത്

  സുകുമാർ അഴീക്കോട്

- ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി സ്ഥാപിക്കുന്നതിന് നേതൃത്വം നൽകിയ നവോത്ഥാന നായകൻ

  വാഗ്ഭടാനന്ദൻ

- ആത്മവിദ്യാ മഹോത്സവം നടന്ന സ്ഥലം

  പുന്നപ്ര(1932)

ആത്മവിദ്യാ സംഘം

- വാഗ്ഭടാനന്ദൻ ആത്മവിദ്യാ സംഘം ആരംഭിച്ച വർഷം
  1917
- ആത്മവിദ്യാ സംഘത്തിന്റെ ആശയങ്ങളെ കുറിച്ച് വിവരിക്കുന്ന കവിത
  സ്വതന്ത്ര ചിന്താമണി (1921)
- സ്വതന്ത്ര ചിന്താമണി എന്ന കവിതയുടെ രചയിതാവ്
  വാഗ്ഭടാനന്ദൻ
- ആത്മവിദ്യാ സംഘത്തിന്റെ മാനിഫെസ്റ്റോ ആയി കരുത്തപ്പെടുന്ന പുസ്തകം
  ആത്മവിദ്യ

ആത്മവിദ്യാ സംഘം

- ആത്മവിദ്യാ സംഘത്തിന്റെ മുഖപത്രം
  അഭിനവ കേരളം

- 1921ൽ കോഴിക്കോട് നിന്നും പ്രസിദ്ധീകരണം ആരംഭിച്ച വാരിക
  അഭിനവ കേരളം

- ആത്മവിദ്യാ സംഘത്തിന്റെ പ്രവർത്തനങ്ങളും സന്ദേശങ്ങളും പ്രചരിപ്പിച്ച വാരിക
  ആത്മവിദ്യാ കാഹളം (1929)

- അഭിനവ കേരളത്തിന്റെ മുദ്രാവാക്യം
  ഉണരുവിൻ അഖിലേശനെ സ്മരിപ്പിൻ ക്ഷണം
  എഴുന്നേൽപ്പിൻ അനീതിയോട് എതിർപ്പിൻ

സഹോദരൻ അയ്യപ്പൻ (1889-1968)

- ജനനം- 1889 ഓഗസ്റ്റ് 21
- ജന്മസ്ഥലം – ചെറായി
- പിതാവ് – കുമ്പളത്തു പറമ്പിൽ കൊച്ചാപ്പു വൈദ്യർ
- മാതാവ്- ഉണ്ണൂലി
- ഭാര്യ- പാർവതി
- അന്തരിച്ചവർഷം 1968 മാർച്ച് 6



- സഹോദരസംഘം സ്ഥാപിച്ചത്
  സഹോദരൻ അയ്യപ്പൻ(1917)

- സഹോദര സംഘത്തിന്റെ പ്രധാന ലക്ഷ്യം
  ജാതി നശീകരണം

- സഹോദരൻ അയ്യപ്പൻ മിശ്രഭോജനത്തിന് തുടക്കം കുറിച്ച സ്ഥലം
  ചേറായി

- 2017 കേരള ഗവൺമെന്റ് 100 വർഷം ആഘോഷിച്ച സാമൂഹിക മുന്നേറ്റം
  മിശ്രഭോജനം

- മിശ്രഭോജനം സംഘടിപ്പിച്ചതിനു ശേഷം യാഥാസ്ഥിതികർ അയ്യപ്പനെ വിളിച്ചത്
  പുലയൻ അയ്യപ്പൻ

❖ സഹോദരൻ അയ്യപ്പൻ കൊച്ചിൻ ലെജിസ്ലേറ്റീവ് അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വർഷം

1928

❖ 1938 ൽ സോഷ്യലിസ്റ്റ് പാർട്ടിക്ക് രൂപം കൊടുത്തത്

സഹോദരൻ അയ്യപ്പൻ

❖ കൊച്ചി മന്ത്രിസഭയിലും തിരുകൊച്ചി മന്ത്രിസഭയിലും അംഗമായിരുന്ന നവോത്ഥാന നായകൻ

സഹോദരൻ അയ്യപ്പൻ

❖ മട്ടാഞ്ചേരിയിൽ നിന്നും സഹോദരൻ അയ്യപ്പൻ ആരംഭിച്ച മാസിക

സഹോദരൻ

- സഹോദരൻ എന്ന മാസികയിലെ പ്രഥമ വാക്യം
  മനുഷ്യരെല്ലാം സഹോദരരാകുന്നു
- യുക്തിവാദി മാസിക ആരംഭിച്ച വർഷം
  1928
- യുക്തിവാദി മാസികയുടെ സ്ഥാപക എഡിറ്റർ
  സഹോദരൻ അയ്യപ്പൻ
- യുക്തിവാദി പത്രത്തിന്റെ ആപ്തവാക്യം
  യുക്തിയേന്തി മനുഷ്യന്റെ ബുദ്ധിശക്തി ഖനിച്ചതിൽ
ലഭിച്ചതല്ലതിലൊന്നും ലോക വിജ്ഞാന രാശിയിൽ

- സഹോദരൻ അയ്യപ്പൻ ആരംഭിച്ച പത്രം
  വേലക്കാരൻ

- വേലക്കാരൻ പത്രം ആരംഭിച്ച വർഷം
  1933

- ഡെയിലി വർക്കർ എന്ന ബ്രിട്ടീഷ് പ്രസിദ്ധീകരണത്തിന്റെ മാതൃകയിലാണ് വേലക്കാരൻ എന്ന പ്രസിദ്ധീകരണം ആരംഭിച്ചത്

- മാവേലി നാടുവാണീടും കാലം എന്ന കവിത രചിച്ചത്
  സഹോദരൻ അയ്യപ്പൻ

- സഹോദരൻ അയ്യപ്പൻ സ്മാരകം സ്ഥിതിചെയ്യുന്നത്
  ചേറായി

❖ സഹോദരൻ അയ്യപ്പന്റെ പ്രതിമ സ്ഥിതി ചെയ്യുന്നത്

കൊച്ചി

❖ പത്രപ്രവർത്തനത്തിനുള്ള സഹോദരൻ പുരസ്കാരം ലഭിച്ച ആദ്യ വ്യക്തി

പി സുജാതൻ (2013)

❖ സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ ചെറായിയിൽ ആരംഭിച്ച സംഘടന

വിദ്യാപോഷിണി

❖ എസ് എൻ ഡി പി പ്രസിഡണ്ടായി സഹോദരൻ അയ്യപ്പൻ തെരഞ്ഞെടുത്തത്

1940

❖ അശരണരും അംഗഭംഗം സംഭവിച്ചവരും ആയ വനിതകൾക്ക് വേണ്ടി സഹോദരൻ അയ്യപ്പൻ സ്ഥാപിച്ച അഭയമന്ദിരം

ശാന്തിമന്ദിരം

❖ അനാഥക്കുട്ടികൾക്ക് അഭയം നൽകാൻ സഹോദരൻ അയ്യപ്പൻ സ്ഥാപിച്ച ഭവനം

ആനന്ദഭവനം

❖ സഹോദരൻ അയ്യപ്പൻ സ്ഥാപിച്ച രാഷ്ട്രീയ പാർട്ടി

സോഷ്യലിസ്റ്റ് പാർട്ടി

❖ പ്രധാന കൃതികൾ

1. റാണി സന്ദേശം
2. അഹല്യ

❖ സഹോദരൻ കെ അയ്യപ്പൻ എന്ന പുസ്തകം രചിച്ചത്

എം കെ സാനു

സഹോദരൻ അയ്യപ്പൻ

- കർമ്മത്താൽ ചണ്ഡാളൻ, കർമ്മത്താൽ ബ്രാഹ്മണൻ ഇപ്രകാരം അഭിപ്രായപ്പെട്ട നവോത്ഥാന നായകൻ
- അയ്യപ്പൻ മാസ്റ്റർ എന്നറിയപ്പെടുന്ന നവോത്ഥാന നായകൻ
- കേരളത്തിലെ ആധുനിക പ്രസംഗ സമ്പ്രദായത്തിന്റെ പിതാവ്
- പുലയൻ അയ്യപ്പൻ എന്നറിയപ്പെടുന്ന നവോത്ഥാന നായകൻ
- കേരളത്തിലെ തൊഴിലാളി സംഘടനകളുടെ സ്ഥാപക പിതാവായി അറിയപ്പെടുന്ന നവോത്ഥാന നായകൻ
- ശ്രീനാരായണ സേവിക സമാജം ആരംഭിച്ച നവോത്ഥാന നായകൻ

സഹോദരൻ അയ്യപ്പൻ

- കൊച്ചിയിലും തിരുവിതാംകൂറിലും തീയൻ മാർക്കിടയിൽ നിലനിന്നിരുന്ന മരുമക്കത്തായം മാറ്റി സ്ത്രീകൾക്കും പുരുഷന്മാർക്കും സ്വത്തിൽ തുല്യ അവകാശം നൽകുന്നതിനുള്ള ബില്ല് നിയമസഭയിൽ അവതരിപ്പിച്ച് നിയമമായി മാറ്റിയ നവോത്ഥാന നായകൻ

- കൊച്ചി രാജ്യത്തെ ഉത്തരവാദിത്വ ഭരണകൂടം സ്ഥാപിക്കുന്നതിന് വേണ്ടിയും പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ കരം തീരുവയുടെ അടിസ്ഥാനത്തിൽ വോട്ടവകാശം നൽകുന്നതിനെതിരെയും ശബ്ദമുയർത്തിയ നവോത്ഥാന നായകൻ


- കൊച്ചി രാജ്യത്ത് പ്രായപൂർത്തി വോട്ടവകാശം നേടിയെടുക്കാൻ ശക്തമായി പ്രവർത്തിച്ച നവോത്ഥാന നായകൻ

- സ്വതന്ത്രമായി ചിന്തിക്കുക, ധീരമായി ചോദ്യം ചെയ്യുക എന്ന ആഹ്വാനം ചെയ്ത നവോത്ഥാന നായകൻ

KERALA HISTORY

IMDIAS KHAN I
REFERRAL:IMDIAS





സഹോദരൻ അയ്യപ്പൻ

- ജനനം- 1889 ഓഗസ്റ്റ് 21
- ജന്മസ്ഥലം – ചെറായി
- പിതാവ് – കുമ്പളത്തു പറമ്പിൽ കൊച്ചാപ്പു വൈദ്യർ
- മാതാവ്- ഉണ്ണൂലി
- ഭാര്യ- പാർവതി
- അന്തരിച്ചവർഷം 1968 മാർച്ച് 6



- സഹോദരസംഘം സ്ഥാപിച്ചത്
  സഹോദരൻ അയ്യപ്പൻ(1917)

- സഹോദര സംഘത്തിന്റെ പ്രധാന ലക്ഷ്യം
  ജാതി നശീകരണം

- സഹോദരൻ അയ്യപ്പൻ മിശ്രഭോജനത്തിന് തുടക്കം കുറിച്ച സ്ഥലം
  ചേറായി

- 2017 കേരള ഗവൺമെന്റ് 100 വർഷം ആഘോഷിച്ച സാമൂഹിക മുന്നേറ്റം
  മിശ്രഭോജനം

- മിശ്രഭോജനം സംഘടിപ്പിച്ചതിനു ശേഷം യാഥാസ്ഥിതികർ അയ്യപ്പനെ വിളിച്ചത്
  പുലയൻ അയ്യപ്പൻ

❖ സഹോദരൻ അയ്യപ്പൻ കൊച്ചിൻ ലെജിസ്ലേറ്റീവ് അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വർഷം

1928

❖ 1938 ൽ സോഷ്യലിസ്റ്റ് പാർട്ടിക്ക് രൂപം കൊടുത്തത്

സഹോദരൻ അയ്യപ്പൻ

❖ കൊച്ചി മന്ത്രിസഭയിലും തിരുകൊച്ചി മന്ത്രിസഭയിലും അംഗമായിരുന്ന നവോത്ഥാന നായകൻ

സഹോദരൻ അയ്യപ്പൻ

❖ മട്ടാഞ്ചേരിയിൽ നിന്നും സഹോദരൻ അയ്യപ്പൻ ആരംഭിച്ച മാസിക

സഹോദരൻ

- സഹോദരൻ എന്ന മാസികയിലെ പ്രഥമ വാക്യം
  മനുഷ്യരെല്ലാം സഹോദരനാകുന്നു
- യുക്തിവാദി മാസിക ആരംഭിച്ച വർഷം
  1928
- യുക്തിവാദി മാസികയുടെ സ്ഥാപക എഡിറ്റർ
  സഹോദരൻ അയ്യപ്പൻ
- യുക്തിവാദി പത്രത്തിന്റെ ആപ്തവാക്യം
  യുക്തിയേന്തി മനുഷ്യന്റെ ബുദ്ധിശക്തി ഖനിച്ചതിൽ
ലഭിച്ചതല്ലതിലൊന്നും ലോക വിജ്ഞാന രാശിയിൽ

- സഹോദരൻ അയ്യപ്പൻ ആരംഭിച്ച പത്രം
  വേലക്കാരൻ

- വേലക്കാരൻ പത്രം ആരംഭിച്ച വർഷം
  1933

- ഡെയിലി വർക്കർ എന്ന ബ്രിട്ടീഷ് പ്രസിദ്ധീകരണത്തിന്റെ മാതൃകയിലാണ് വേലക്കാരൻ എന്ന പ്രസിദ്ധീകരണം ആരംഭിച്ചത്

- മാവേലി നാടുവാണീടും കാലം എന്ന കവിത രചിച്ചത്
  സഹോദരൻ അയ്യപ്പൻ

- സഹോദരൻ അയ്യപ്പൻ സ്മാരകം സ്ഥിതിചെയ്യുന്നത്
  ചേറായി

❖ സഹോദരൻ അയ്യപ്പന്റെ പ്രതിമ സ്ഥിതി ചെയ്യുന്നത്

കൊച്ചി

❖ പത്രപ്രവർത്തനത്തിനുള്ള സഹോദരൻ പുരസ്കാരം ലഭിച്ച ആദ്യ വ്യക്തി

പി സുജാതൻ (2013)

❖ സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ ചെറായിയിൽ ആരംഭിച്ച സംഘടന

വിദ്യാപോഷിണി

❖ എസ് എൻ ഡി പി പ്രസിഡണ്ടായി സഹോദരൻ അയ്യപ്പൻ തെരഞ്ഞെടുത്തത്

1940

❖ അശരണരും അംഗഭംഗം സംഭവിച്ചവരും ആയ വനിതകൾക്ക് വേണ്ടി സഹോദരൻ അയ്യപ്പൻ സ്ഥാപിച്ച അഭയമന്ദിരം

ശാന്തിമന്ദിരം

❖ അനാഥക്കുട്ടികൾക്ക് അഭയം നൽകാൻ സഹോദരൻ അയ്യപ്പൻ സ്ഥാപിച്ച ഭവനം

ആനന്ദഭവനം

❖ സഹോദരൻ അയ്യപ്പൻ സ്ഥാപിച്ച രാഷ്ട്രീയ പാർട്ടി

സോഷ്യലിസ്റ്റ് പാർട്ടി

❖ പ്രധാന കൃതികൾ

1. റാണി സന്ദേശം
2. അഹല്യ

❖ സഹോദരൻ കെ അയ്യപ്പൻ എന്ന പുസ്തകം രചിച്ചത്

എം കെ സാനു

സഹോദരൻ അയ്യപ്പൻ

- കർമ്മത്താൽ ചണ്ഡാളൻ, കർമ്മത്താൽ ബ്രാഹ്മണൻ ഇപ്രകാരം അഭിപ്രായപ്പെട്ട നവോത്ഥാന നായകൻ
- അയ്യപ്പൻ മാസ്റ്റർ എന്നറിയപ്പെടുന്ന നവോത്ഥാന നായകൻ
- കേരളത്തിലെ ആധുനിക പ്രസംഗ സമ്പ്രദായത്തിന്റെ പിതാവ്
- പുലയൻ അയ്യപ്പൻ എന്നറിയപ്പെടുന്ന നവോത്ഥാന നായകൻ
- കേരളത്തിലെ തൊഴിലാളി സംഘടനകളുടെ സ്ഥാപക പിതാവായി അറിയപ്പെടുന്ന നവോത്ഥാന നായകൻ
- ശ്രീനാരായണ സേവിക സമാജം ആരംഭിച്ച നവോത്ഥാന നായകൻ

സഹോദരൻ അയ്യപ്പൻ

- കൊച്ചിയിലും തിരുവിതാംകൂറിലും തീയൻ മാർക്കിടയിൽ നിലനിന്നിരുന്ന മരുമക്കത്തായം മാറ്റി സ്ത്രീകൾക്കും പുരുഷന്മാർക്കും സ്വത്തിൽ തുല്യ അവകാശം നൽകുന്നതിനുള്ള ബില്ല് നിയമസഭയിൽ അവതരിപ്പിച്ച നിയമമായി മാറ്റിയ നവോത്ഥാന നായകൻ

- കൊച്ചി രാജ്യത്തെ ഉത്തരവാദിത്വ ഭരണകൂടം സ്ഥാപിക്കുന്നതിന് വേണ്ടിയും പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ കരം തീരുവയുടെ അടിസ്ഥാനത്തിൽ വോട്ടവകാശം നൽകുന്നതിനെതിരെയും ശബ്ദമുയർത്തിയ നവോത്ഥാന നായകൻ

- കൊച്ചി രാജ്യത്ത് പ്രായപൂർത്തി വോട്ടവകാശം നേടിയെടുക്കാൻ ശക്തമായി പ്രവർത്തിച്ച നവോത്ഥാന നായകൻ

- സ്വതന്ത്രമായി ചിന്തിക്കുക, ധീരമായി ചോദ്യം ചെയ്യുക എന്ന ആഹ്വാനം ചെയ്ത നവോത്ഥാന നായകൻ

പണ്ഡിറ്റ് കെ പി
കറുപ്പൻ

- ജനനം- 1885 മെയ് 24
- ജന്മസ്ഥലം – ചേരാനല്ലൂർ, എറണാകുളം
- ജന്മഗൃഹം- സാഹിത്യ കുടീരം
- പിതാവ്- പപ്പു
- മാതാവ്- കൊച്ചു പെണ്ണ്
- ഭാര്യ- കുഞ്ഞമ്മ
- യഥാർത്ഥ നാമം – ശങ്കരൻ
- മരണം- 1938 മാർച്ച് 25



- സാഹിത്യത്തിലൂടെ രാഷ്ട്രീയ വിമർശനം നടത്തിയിരുന്ന സാമൂഹിക പരിഷ്കർത്താവ്

  പണ്ഡിറ്റ് കറുപ്പൻ

- കെ പി കറുപ്പന്റെ പൂർണ്ണനാമം

  കണ്ടത്തു പറമ്പിൽ പപ്പു കറുപ്പൻ

- അരയ സമുദായത്തിൽ ജനിച്ച നവോത്ഥാന നായകൻ

  പണ്ഡിറ്റ് കെ പി കറുപ്പൻ

കായൽ സമ്മേളനം

- കായൽ സമ്മേളനത്തിന് നേതൃത്വം നൽകിയ നവോത്ഥാന നായകൻ

  പണ്ഡിറ്റ് കറുപ്പൻ

- പണ്ഡിറ്റ് കറുപ്പന്റെ നേതൃത്വത്തിൽ കായൽ സമ്മേളനം നടന്ന വർഷം

  1913 ഫെബ്രുവരി 14

- പുലയർ ഉൾപ്പെട്ട താഴ്ന്ന ജാതിക്കാർക്ക് പൊതുവഴിയിൽ കൂടി നടക്കാനോ, വിദ്യാഭ്യാസം നേടുന്നതിനോ, ഒരുമിച്ചു കൂടുവാനോ ചന്തകളിൽ നിന്നും സാധനം വാങ്ങുവാനോ അവകാശം ഉണ്ടായിരുന്നില്ല

- ഈ ആവശ്യങ്ങളെല്ലാം നേടിയെടുക്കുന്നതിന് പുലയ സമുദായം ഒരു സമ്മേളനം നടത്താൻ തീരുമാനിച്ചു. എന്നാൽ ഭരണാധികാരികൾ അതിനുള്ള അനുമതി നിഷേധിച്ചു

- കരയിൽ സമ്മേളനം നടത്താൻ പാടില്ലെങ്കിൽ കായലിൽ വച്ച് ആകാമെന്ന തീരുമാനിക്കുകയും പണ്ഡിറ്റ് കറുപ്പന്റെ നേതൃത്വത്തിൽ ചെറിയ ചങ്ങാടങ്ങൾ കൂട്ടിക്കെട്ടി വലിയ ഒരു വള്ളം നിർമ്മിക്കുകയും അവിടെ സമ്മേളനം കൂടുകയും ചെയ്തു

- കൊച്ചി കായലിൽ ആയിരുന്നു ഈ സമ്മേളനം നടന്നത്. അധികാരികൾക്ക് സമ്മേളനം നടത്തിയവർക്കെതിരെ നടപടിയെടുക്കാൻ കഴിഞ്ഞില്ല. അങ്ങനെ ആ സമ്മേളനം കായൽ സമ്മേളനം എന്ന പേരിൽ ചരിത്രത്തിന്റെ ഭാഗമായി

കറുപ്പൻ സ്ഥാപിച്ച സഭകൾ

- കല്യാണ ധായിനി സഭ – കൊടുങ്ങല്ലൂർ
- സന്മാർഗ പ്രദീപസഭ – കുമ്പളം
- ജ്ഞാനോദയം സഭ – ഇടക്കൊച്ചി
- അരയവംശോദാരണിസഭ – ഏങ്ങണ്ടിയൂർ
- ബാല സമുദായ പരിഷ്കാരണി സഭ – തേവര
- കൊച്ചി പുലയ മഹാസഭ-
- വാല സേവാസമിതി – വൈക്കം
- പ്രബോധചന്ദ്രോദയ സഭ- വടക്കൻ പറവൂർ
- സുധർമ സൂര്യോദയ സഭ – തേവര

- പണ്ഡിറ്റ് കറുപ്പൻ രചിച്ച ആദ്യ കൃതി
  ലങ്ക മർദ്ദനം

- പണ്ഡിറ്റ് കറുപ്പൻ തന്റെ പന്ത്രണ്ടാമത്തെ വയസ്സിൽ രചിച്ച കൃതി
  ലങ്ക മർദ്ദനം

- ലങ്കാമർദ്ദനം രചിച്ചിരിക്കുന്ന വൃത്തം
  ഷാർദ്ദൂല വിക്രീഡിതം

- പണ്ഡിറ്റ് കറുപ്പന്റെ ആദ്യ കവിത
  സ്തോത്രമന്താരം

- ജാതി വ്യവസ്ഥയെയും തൊട്ടുകൂടായ്മയെയും ചോദ്യം ചെയ്യുന്ന മലയാള സാഹിത്യത്തിലെ ആദ്യത്തെ പുസ്തകം
  ജാതിക്കുമ്മി (1904)

❖ 1919 കൊച്ചി മഹാരാജാവിന്റെ ഷഷ്ടിപൂർത്തിയോടനുബന്ധിച്ച് കറുപ്പൻ രചിച്ച നാടക കൃതി

ബാലകലേശം

❖ താഴ്ന്ന ജാതിയിൽപ്പെട്ട ജനങ്ങൾക്കിടയിൽ അന്ധവിശ്വാസത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി കറുപ്പൻ രചിച്ച കൃതി

ആചാരഭൂഷണം

❖ പണ്ഡിറ്റ് കറുപ്പന്റെ സാഹിത്യ രചനകളിൽ വളരെയധികം ശ്രദ്ധിക്കപ്പെട്ട കവിത


ഉദ്യാന വിരുന്ന്

❖ ചട്ടമ്പിസ്വാമികളുടെ മരണത്തിൽ മനംനൊന്ത് കറുപ്പൻ രചിച്ച കൃതി

സമാധി സപ്താഹം

മന്നത്ത് പത്മനാഭൻ

- ജനനം- 1878 ജനുവരി 2
- ജന്മസ്ഥലം- പെരുന്ന, ചങ്ങനാശ്ശേരി
- പിതാവ്- ഈശ്വരൻ നമ്പൂതിരി
- മാതാവ്- പാർവതി
- അന്തരിച്ച വർഷം – 1970 ഫെബ്രുവരി 25



- ഭാരത കേസരി എന്നറിയപ്പെടുന്ന നവോത്ഥാന നായകൻ

  മന്നത്ത് പത്മനാഭൻ

- കുട്ടിക്കാലത്ത് മന്നത്ത് പത്മനാഭനെ ഏറ്റവും കൂടുതൽ സ്വാധീനിച്ച വ്യക്തി

  ഗോവിന്ദ പിള്ള

- മന്നത്ത് പത്മനാഭൻ കാഞ്ഞിരപ്പള്ളി പ്രാഥമിക വിദ്യാലയത്തിൽ അധ്യാപകനായ വർഷം

  1893

- മന്നത്ത് പത്മനാഭന അഡ്വക്കേറ്റ് ബിരുദം ലഭിച്ച വർഷം

  1905

- മന്നത്ത് പത്മനാഭൻ ശ്രീമൂലം പ്രജാസഭയിൽ അംഗമായ വർഷം

  1921

- വൈക്കം സത്യാഗ്രഹത്തിന്റെ ഭാഗമായി സവർണ്ണജാഥ നയിച്ചത്

  മന്നത്ത് പത്മനാഭൻ(1924, വൈക്കം മുതൽ തിരുവനന്തപുരം വരെ)

- മന്നത്ത് പത്മനാഭൻ ഗുരുവായൂർ സത്യാഗ്രഹ കമ്മിറ്റിയുടെ പ്രസിഡന്റ് ആയ വർഷം

  1931

- സവർണ്ണ ജാഥ നയിക്കുവാൻ മന്നത്തിന് നിർദ്ദേശം നൽകിയ വ്യക്തി

  ഗാന്ധിജി

- മന്നത്ത് പത്മനാഭൻ ഐ എൻ സിയിൽ അംഗമായ വർഷം

  1947

- 1947ലെ പ്രസിദ്ധമായ മൂതുകുളം പ്രസംഗം നടത്തിയത്

  മന്നത്ത് പത്മനാഭൻ

- തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആദ്യ പ്രസിഡന്റ്

  മന്നത്ത് പത്മനാഭൻ

- മന്നത്ത് പത്മനാഭൻ ട്രാവൻകൂർ അസംബ്ലിയിൽ അംഗമായ വർഷം

  1949

❖ മന്നത്ത് പത്മനാഭനും ആർ ശങ്കറും ചേർന്ന് സ്ഥാപിച്ച രാഷ്ട്രീയ പാർട്ടി

ഡെമോക്രാറ്റിക് കോൺഗ്രസ് പാർട്ടി(1950)

❖ ആർ ശങ്കറും മന്നത്ത് പത്മനാഭനും ചേർന്ന് സ്ഥാപിച്ച സംഘടന

ഹിന്ദു മഹാമണ്ഡലം

❖ കേരളത്തിന്റെ മഥൻ മോഹൻ മാളവ്യ എന്നറിയപ്പെടുന്നത്

മന്നത്ത് പത്മനാഭൻ

❖ മന്നത്ത് പത്മനാഭനെ കേരളത്തിന്റെ മഥൻ മോഹൻ മാളവ്യ എന്ന് വിശേഷിപ്പിച്ചത്

സർദാർ കെ എം പണിക്കർ

- താലികെട്ട് കല്യാണം എന്ന അനാചാരം നിർത്തലാക്കിയ നവോത്ഥാന നായകൻ

  മന്നത്ത് പത്മനാഭൻ

- മന്നത്ത് പത്മനാഭന ഭാരത കേസരി എന്ന ബഹുമതി നൽകിയത്

  ഡോക്ടർ രാജേന്ദ്ര പ്രസാദ് (1959)

- **മന്നത്ത് പത്മനാഭന് പത്മഭൂഷൻ ലഭിച്ച വർഷം**

  1966

- മന്നത്ത് പത്മനാഭന്റെ ആത്മകഥ

  എന്റെ ജീവിത സ്മരണകൾ

❖ മന്നം മെമ്മോറിയൽ സ്ഥിതി ചെയ്യുന്നത്

പെരുന്ന(ചങ്ങനാശ്ശേരി)

❖ ഇന്ത്യൻ തപാൽ വകുപ്പ് മന്നത്ത് പത്മനാഭനോടുള്ള ആദരസൂചകമായി സ്റ്റാമ്പ് പുറത്തിറക്കിയ വർഷം

1989

❖ മന്നത്ത് പത്മനാഭന്റെ പ്രധാന രചനകൾ

സ്നേഹലത,ഞങ്ങളുടെ എഫ് എം എസ് യാത്ര, പഞ്ചകല്യാണി നിരൂപണം

❖ എന്റെ ദേവനും ദേവിയും എന്റെ സംഘടനയാണ് എന്ന് പറഞ്ഞ നവോത്ഥാന നായകൻ


മന്നത്ത് പത്മനാഭൻ

- കേരള ഗവൺമെന്റ് മന്നം ജയന്തി (ജനുവരി 2) പൊതു അവധിയായി പ്രഖ്യാപിച്ച വർഷം

2014

- കൊച്ചി ലെജിസ്ലേറ്റീവ് അസംബ്ലിയിൽ അംഗമായ ആദ്യ വനിത

തോട്ടയ്ക്കാട് മാധവി അമ്മ



മുൻവർഷ ചോദ്യങ്ങൾ

1. ശ്രീ ഭട്ടാകാരൻ എന്നറിയപ്പെടുന്ന സാമൂഹിക പരിഷ്കർത്താവ് ?

a) ബ്രഹ്മാനന്ദ ശിവയോഗി

b) ചട്ടമ്പി സ്വാമി

c) പണ്ഡിറ്റ് കറുപ്പൻ

d) ശ്രി നാരായണഗുരു

2. ശ്രീ നാരായണഗുരു രചിച്ച ഏത് കൃതിയുടെ ശതാബ്ദിയാണ് 2014 – ൽ ആഘോഷിച്ചത് ?

a. ആത്മോപദേശക ശതകം

b. ദൈവദശകം

c. കുണ്ഡലിനി പാട്ട്

d. ദർശനമാല

3. വനവാസികളും ഭക്ഷാടകരുമായ സന്യാസികളെ 'ഉദരനിമിത്തം' എന്ന് പരിഹസിച്ച സാമൂഹിക പരിഷ്കർത്താവ് ?

a. ശ്രി നാരായണഗുരു

b. _ബ്രഹ്മാനന്ദ ശിവയോഗി

c. വാഗ്ഭടാനന്ദൻ

d. പണ്ഡിറ്റ് കറുപ്പൻ

4. ചട്ടമ്പിസ്വാമി രചിച്ച കൃതി ഏത് ?

a. ദുരവസ്ഥ

b. ജാതികുമ്മി

c. ദൈവദശകം

d. പ്രാചീന മലയാളം

5. 1916 – ൽ മലബാറിൽ പ്രവർത്തനം ആരംഭിച്ച ഹോംറൂൾ ലീഗിന്റെ നേതൃത്വം ആർക്കായിരുന്നു ?

a. ബാലഗംഗാധര തിലകൻ

b. _ആനിബെസന്റ്

c. കെ.കേളപ്പൻ

d. കെ.പി.കേശവമേനോൻ

6. അഖിലത്തിരട്ട് എന്ന കൃതിയുടെ കർത്താവ് ?

a. വൈകുണ്ഠസ്വാമി

b. _ശ്രീ നാരായണഗുരു

c. രവീന്ദ്രനാഥ ടാഗോർ

d. ബങ്കിംഗ്ചന്ദ്ര ചാറ്റർജി

7. കേരളീയ നായർ സമാജം സ്ഥാപിച്ചതാര് ?

a. ശ്രി നാരായണഗുരു

b. _ബ്രഹ്മാനന്ദ ശിവയോഗി

c. വാഗ്ഭടാനന്ദൻ

d. പണ്ഡിറ്റ് കറുപ്പൻ

8. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന നാടകം രചിച്ചതാര് ?

a. പ്രേംജി

b. _എം.ആർ.ബി

c. ഐ.സി.പി. നമ്പൂതിരി

d. വി.ടി.ഭട്ടതിരിപ്പാട്

9. പത്തൊൻപതാം നൂറ്റാണ്ടിലെ സാമൂഹിക പരിഷ്കർത്താവായ ചട്ടമ്പി സ്വാമിയുടെ ജന്മദേശം ?

a. ശ്രി നാരായണഗുരു

b. _ബ്രഹ്മാനന്ദ ശിവയോഗി

c. വാഗ്ഭടാനന്ദൻ

d. പണ്ഡിറ്റ് കറുപ്പൻ

10. കേരളത്തിലെ ലിങ്കൺ എന്നറിയപ്പെടുന്ന സാമൂഹിക പരിഷ്കർത്താവ് ആര് ?

a. ശ്രീ നാരായണഗുരു

b. _കെ.പി.കേശവമേനോൻ

c. സഹോദരൻ അയ്യപ്പൻ

d. പണ്ഡിറ്റ് കറുപ്പൻ

11. ഒരു ജാതി, ഒരു മതം, ഒരു ദൈവം, ഒരു കുടുംബം, ഒരു ലോകം എന്ന് പറഞ്ഞതാര് ?

a. ശ്രി നാരായണഗുരു

b. _വൈകുണ്ഠ സ്വാമി

c. മന്നത്ത് പത്മനാഭൻ

d. അയ്യങ്കാളി

12. വ്യത്താന്തപത്രം എന്ന കൃതിയുടെ രചയിതാവ് ?

a. മഹാകവി കുമാരനാശാന്റെ

b. _വള്ളത്തോളിന്റെ

c. ചങ്ങമ്പുഴയുടെ

d. വൈലോപ്പിള്ളിയുടെ

13. സ്വാതന്ത്ര്യം തന്നെ അമൃതം എന്ന ഉദ്ധരണി ഏത് കവിയുടേതാണ് ?

a. മഹാകവി കുമാരനാശാന്റെ

b. _വള്ളത്തോളിന്റെ

c. ചങ്ങമ്പുഴയുടെ

d. വൈലോപ്പിള്ളിയുടെ

14. എ. ആർ. രാജരാജവർമ്മയെ അനുസ്മരിച്ച കുമാരനാശാൻ രചിച്ച കാവ്യം ?

a. പ്രരോദനം

b. _വീണപൂവ്

c. ലീല

d. ദുരവസ്ഥ

15. താഴെ പറയുന്നവയിൽ ശ്രീ നാരായണഗുരുവിന്റെ കൃതി ഏത് ?

a. ആത്മോപദേശക ശതകം

b. _വേദാന്തസാരം

c. അഖിലത്തിരട്ട്

d. ആനന്ദസാരം

16. കുമാരനാശാൻ രചിച്ച നാടകം ?

a. അംബ

b. _വിചിത്ര വിജയം

c. കഥാബീജം

d. കൂട്ട്കക്ഷി

17. തൈക്കാട് അയ്യാഗുരുവിന്റെ പ്രശസ്തനായ രണ്ട് ശിഷ്യരിൽ ഒരാളായിരുന്നു ശ്രീ നാരായണഗുരു മറ്റേത് ആര് ?

a. വൈകുണ്ഠ സ്വാമി

b. _ബ്രഹ്മാനന്ദ ശിവയോഗി

c. ചട്ടമ്പി സ്വാമികൾ

d. അയ്യങ്കാളി

18. മിതാവാദി പത്രത്തിന്റെ പത്രാധിപൻ ?

a. ഇ.വി കൃഷ്ണപിള്ള

b. _സി.കൃഷ്ണൻ

c. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള

d. കെ.സി.കേശവപിള്ള

19. ആലുവയിലെ അദ്വൈതാശ്രമം സ്ഥാപിച്ചത് ആര് ?

a. ചട്ടമ്പികൾ സ്വാമികൾ

b. _സഹോദരൻ അയ്യപ്പൻ

c. ശ്രി നാരായണഗുരു

d. ശങ്കരാചാര്യർ

20. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ശവകുടീരം സ്ഥിതി ചെയ്യുന്നതെവിടെ ?

a. കൊല്ലം

b. _തിരുവനന്തപുരം

c. കണ്ണൂർ

d. കോഴിക്കോട്

21. കേരളത്തിലെ അൽ-ഇസ്ലാം എന്ന അറബി മലയാള പത്രത്തിനന്റെ സ്ഥാപകൻ ആയിരുന്നു ?

a. കുഞ്ഞുമുഹമ്മദ്

b. _വക്കം മൗലവി

c. സീദിസാഹിബ്

d. അബ്ദുൾ റഹ്മാൻ

22. കേരളത്തിൽ മിശ്രഭോജന സമരത്തിന് നേതൃത്വം നൽകിയ വ്യക്തി ?

a. ടി.കെ.മാധവൻ

b. _വി.ടി.ഭട്ടതിരിപ്പാട്

c. ചട്ടമ്പികൾ സ്വാമികൾ

d. സഹോദരൻ അയ്യപ്പൻ

23. നായർ സർവ്വീസ് സൊസൈറ്റിയുടെ ആദ്യത്തെ സെക്രട്ടറി ആര് ?

a. മന്നത്ത് പത്മനാഭൻ

b. _പരമേശ്വരൻ പിള്ള

c. ടി.പി. രാമകൃഷ്ണപിള്ള

d. കെ. പരമുപിള്ള

24. ശ്രീ കുമാരഗുരുദേവന്റെ യഥാർത്ഥപേര് ?

a. വക്കം മൗലവി

b. _ മന്നത്ത് പത്മനാഭൻ

c. പനമ്പള്ളി ഗോവിന്ദമേനോൻ

d. പൊയ്കയിൽ യോഹന്നാൻ

25. നമ്പൂതിരി സമുദായത്തിലെ അവശതകൾ പരിഹരിക്കാൻ യൊഗക്ഷേമ സഭയ്ക്ക് രൂപം കൊടുത്തതാര് ?

a. വി.ടി.ഭട്ടതിരിപ്പാട്

b. _ മന്നത്ത് പത്മനാഭൻ

c. ആനന്ദതീർത്ഥൻ

d. വാഗ്ഭടാനന്ദൻ

വിമോചന സമരം

- ഇഎംഎസ് മന്ത്രിസഭയെ പുറത്താക്കുന്നതിനായി മന്നത്ത് പത്മനാഭനറെ നേതൃത്വത്തിൽ നടന്ന സമരം
  വിമോചന സമരം

- വിമോചന സമരം ആരംഭിച്ചത്
  1959 ജൂൺ 12

- വിമോചന സമരം എന്ന വാക്ക് നിർദേശിച്ചത്
  പനമ്പള്ളി ഗോവിന്ദമേനോൻ

- വിമോചന സമരത്തിന് കാരണം
  ആ സമയത്ത് വിദ്യാഭ്യാസ മന്ത്രി ആയിരുന്ന ജോസഫ് മുണ്ടശ്ശേരി കൊണ്ടുവന്ന വിദ്യാഭ്യാസ ബിൽ

- വിമോചന സമരവുമായി ബന്ധപ്പെട്ട കേരളത്തിലെ സംഭവം
  ചെറിയതുറ വെടിവെപ്പ്
- വിമോചന സമരഫലമായി ഇഎംഎസ് മന്ത്രിസഭ പിരിച്ചുവിട്ടത്
  1959 ജൂലൈ 31
- മന്നത്ത് പത്മനാഭൻ ജീവ ശിഖ യാത്ര നടത്തിയത്
  അങ്കമാലി മുതൽ തിരുവനന്തപുരം വരെ

- നായർ സമുദായ ഭൃത്യജന സംഘം രൂപീകരിച്ചത്
  1914 ഒക്ടോബർ 31

- നായർ സർവീസ് സൊസൈറ്റി എന്ന പേരിൽ പുനർനാമകരണം ചെയ്യപ്പെട്ട വർഷം
  1915 ജൂലൈ 11

- വൈക്കം സത്യാഗ്രഹം
  1924 മാർച്ച് 30

- സവർണ്ണ ജാഥ
  1924 ഒക്ടോബർ 1


- ഗുരുവായൂർ സത്യാഗ്രഹം
  1931 നവംബർ 1

- മുതുകുളം പ്രസംഗം
  1947 മെയ് 25
- ദേവസ്വം ബോർഡിന്റെ പ്രസിഡന്റായ വർഷം
  1949
- ഡെമോക്രാറ്റിക് കോൺഗ്രസ് സ്ഥാപിച്ച വർഷം
  1950
- എന്റെ ജീവിത സ്മരണകൾ രചിച്ച വർഷം
  1957

- വിമോചന സമരം
  1959 ജൂൺ 12
- ഭാരത കേസരി എന്ന ബഹുമതി ലഭിച്ച വർഷം
  1959
- പത്മഭൂഷൻ ലഭിച്ച വർഷം
  1966
- മരണം
  1970 ഫെബ്രുവരി 25

വിടി
ഭട്ടതിരിപ്പാട്

- ജനനം- 1896 മാർച്ച് 26
- ജന്മസ്ഥലം- മേഴത്തൂർ ഗ്രാമം, തൃത്തല പഞ്ചായത്ത്, പൊന്നാനി താലൂക്ക്
- പിതാവ് – വി ടി എം തുപ്പൻ നമ്പൂതിരിപ്പാട്
- മാതാവ്- ശ്രീദേവി അന്തർജനം
- പൂർണ്ണനാമം- വെള്ളിത്തിരുത്തി താഴത്തു മനയിൽ രാമൻ ഭട്ടത്തിരിപ്പാട്
- അന്തരിച്ചവർഷം 1982 ഫെബ്രുവരി 12



- നമ്പൂതിരി സമുദായത്തിൽ അംഗമായ നവോത്ഥാന നായകൻ
  വി ടി ഭട്ടതിരിപ്പാട്

- 1912 വി ടി ഭട്ടതിരിപ്പാട് പതിനാറാമത്തെ വയസ്സിൽ മുണ്ടമുക ശാസ്താക്ഷേത്രത്തിൽ ശാന്തിക്കാരനായി

- ബ്രാഹ്മണ സമുദായത്തിലെ മിശ്ര വിവാഹത്തെ പ്രോത്സാഹിപ്പിച്ചിരുന്ന വ്യക്തി
  വി ടി ഭട്ടതിരിപ്പാട്

- 1919 വി ടി യുടെ നേതൃത്വത്തിൽ ആരംഭിച്ച സംഘടന
  നമ്പൂതിരി യുവജന സംഘം

❖ വി ടി ഭട്ടതിരിപ്പാട് നമ്പൂതിരി യുവജന സംഘത്തിന്റെ സെക്രട്ടറിയായി തെരഞ്ഞെടുത്ത വർഷം

1929

❖ നമ്പൂതിരി യുവജന സംഘത്തിന്റെ മുഖപത്രം

ഉണ്ണി നമ്പൂതിരി

❖ വി ടിയുടെ നാടകമായ അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് ആദ്യമായി പ്രസിദ്ധീകരിച്ച മാസിക

ഉണ്ണി നമ്പൂതിരി(1920)

❖ 1921ൽ ഒറ്റപ്പാലത്ത് വച്ച് നടന്ന കെപിസിസിയുടെ കോൺഗ്രസ് സമ്മേളനത്തിലെ വോളണ്ടിയർ ആയിരുന്ന വ്യക്തി

വി ടി ഭട്ടതിരിപ്പാട്

❖ അഹമ്മദാബാദിൽ ചേർന്ന കോൺഗ്രസ് സമ്മേളനത്തിൽ പങ്കെടുത്ത വർഷം

1921

❖ വി ടിയുടെ അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് എന്ന നാടകം ആദ്യമായി അവതരിപ്പിച്ച വർഷം

1929

❖ അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് എന്ന നാടകം ആദ്യമായി അവതരിപ്പിച്ച വേദി

ഇടക്കുന്നി (തൃശ്ശൂർ)

❖ ഉണ്ണി നമ്പൂതിരി,യോഗക്ഷേമം, പാശുപതം, ഉദ്ബുദ്ധ കേരളം തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപർ ആയിരുന്ന വ്യക്തി

വി ടി ഭട്ടതിരിപ്പാട്

- വിധവ പുനർവിവാഹം ആദ്യമായി സംഘടിപ്പിച്ചത്
  വി ടി ഭട്ടതിരിപ്പാട്(1937)

- ജാതി വ്യവസ്ഥയെ എതിർത്തുകൊണ്ട് സ്വന്തം സഹോദരിയെ അന്യ സമുദായക്കാരനെ കൊണ്ട് വിവാഹം കഴിപ്പിച്ച നവോത്ഥാന നായകൻ
  വി ടി ഭട്ടതിരിപ്പാട്

- വി ടി ഭട്ടതിരിപ്പാടിന്റെ ആത്മകഥ
  കണ്ണീരും കിനാവും

- വി ടി ഭട്ടതിരിപ്പാട് കോളേജ് സ്ഥിതി ചെയ്യുന്നത്
  ശ്രീകൃഷ്ണപുരം

❖ ഗുരുവായൂർ ക്ഷേത്രപ്രവേശന ജാഥയ്ക്കിടെ ഇനി നമുക്ക് അമ്പലങ്ങൾക്ക് തീകൊളുത്താം എന്ന വിവാദ പ്രസ്താവന നടത്തിയ നവോത്ഥാന നായകൻ

ഭട്ടതിരിപ്പാട്

❖ ഇനി നമുക്ക് അമ്പലങ്ങൾക്ക് തീ കൊളുത്താം എന്ന ലേഖനം അച്ചടിച്ചതിനാൽ കൊച്ചി സർക്കാർ നിരോധിച്ച പ്രസിദ്ധീകരണം

മംഗളോദയം

❖ ബഹുമത സമൂഹം എന്ന ആശയം മുന്നോട്ട് വെച്ച നവോത്ഥാന നായകൻ

വി ടി ഭട്ടതിരിപ്പാട്

- യോഗക്ഷേമസഭ സ്ഥാപിതമായ വർഷം
  1908 ജനുവരി 31 (ആലുവ)

- യോഗക്ഷേമ സഭയുടെ ആദ്യ പ്രസിഡന്റ്
  ദേശമംഗലം ശങ്കരൻ നമ്പൂതിരിപ്പാട്

- യോഗക്ഷേമ സഭയുടെ പ്രധാന ലക്ഷ്യങ്ങൾ

1. ബഹുഭാര്യത്വം നിരോധിക്കുക
2. വിധവ വിവാഹം നടപ്പാക്കുക
3. വൃദ്ധവിവാഹം തടയുക

- യോഗക്ഷേമ സഭയുടെ ആപ്തവാക്യം
  നമ്പൂതിരിയെ മനുഷ്യനാക്കുക

വിടിയുടെ കൃതികൾ

- രജനിരംഗം
- കണ്ണീരും കിനാവും
- ദക്ഷിണായനം
- പോംവഴി
- ചക്രവാളങ്ങൾ
- പൊഴിഞ്ഞ പൂക്കൾ
- വെടിവെട്ടം
- ജീവിത സ്മരണകൾ
- കർമ്മ വിപാകം
- കരിഞ്ചന്ത
- എന്റെ മണ്ണ്
- കാലത്തിന്റെ സാക്ഷി
- വിശക്കാത്ത ദൈവവും വിശക്കുന്ന മനുഷ്യരും
- സത്യം എന്നത് ഇവിടെ മനുഷ്യനാകുന്നു

യാചന യാത്ര

- വി ടിയുടെ നേതൃത്വത്തിൽ കേരളത്തിലെ ദരിദ്ര വിദ്യാർത്ഥികളുടെ പഠനത്തിനായുള്ള തുക സമാഹരിക്കുന്നതിനായി നടത്തിയ കാൽനട പ്രചരണ ജാഥയാണ് യാചന യാത്ര

- യാചനയാത്ര നടന്ന വർഷം
  1931 ഏപ്രിൽ 26

- യാചനയാത്ര നടന്നത്
  തൃശ്ശൂർ മുതൽ ചന്ദ്രഗിരി പുഴ വരെ

- യാചന യാത്ര ഏഴു ദിവസം നീണ്ടുനിന്നു

❖ കുടുമ മുറിക്കൽ, പരിവേദനം, മിശ്രഭോജനം എന്നിവയ്ക്ക് നേതൃത്വം നൽകിയ നവോത്ഥാന നായകൻ

ഭട്ടതിരിപ്പാട്

❖ 1968ൽ മിശ്രവിവാഹ പ്രചാരണത്തിനായി കാഞ്ഞങ്ങാട് നിന്ന് ചെമ്പഴന്തി വരെ സാമൂഹിക പരിഷ്കരണ ജാഥ നയിച്ചത്

വി ടി ഭട്ടതിരിപ്പാട്